# قصة إسلام قسيس

## ക്രിസ്ത്യീയ പുരോഹിതൻ

# ഇസ്‌ലാം സ്വീകരിച്ച കഥ




"ഇസ്ലാം സ്വീകരിക്കാനുള്ള കാരണം വിശദീകരിച്ചു കൊണ്ട് പുരോഹിതൻ ശൈഖ് അബ്ദുറസാഖ് അൽ ബദർ -ഹഫിളഹുല്ല- ക്ക് എഴുതി അയച്ച കത്തിന്റെ മലയാള വിവർത്തനം"

വിവർത്തനം : അനസ് നദീരി

بسم الله الرحمن الرحيم

# ആമുഖം

الحمد لله رب العالمين والصلاة والسلام على سيد المرسلين وعلى من تبعهم بإحسان إلى يوم الدين أما بعد..

ലോകർക്ക് മുഴുവനും മാർഗ നിർദേശമായി അവസാന പ്രവാചകനായ മുഹമ്മദ്ﷺ യിലൂടെ അല്ലാഹു പൂർത്തീകരിച്ച മതമാണ് ഇസ്ലാം.

അല്ലാഹു പറഞ്ഞു :

*“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.” (മാഇദ 3)*

എനി ഇസ്ലാമല്ലാതെ മറ്റൊരു മതവും അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമല്ല ,

*“അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ മതം ഇസ്ലാം മാത്രമാണ്.”*

*(ആലു ഇംറാൻ 19)*

*“ആരെങ്കിലും ഇസ്ലാമല്ലാതെ മറ്റെന്തെങ്കിലും മതമായി ആഗ്രഹിച്ചാൽ അവനിൽ നിന്നത് സ്വീകരിക്കപ്പെടുകയില്ല , പരലോകത്ത് അവൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും.” (ആലു ഇംറാൻ 85)*

അല്ലാഹു മുമ്പ് അവതരിപ്പിച്ച മതങ്ങളിലൊന്നുമില്ലാത്ത നല്ല ഗുണങ്ങളും പ്രതേകതകളും ഇസ്ലാമിന് നൽകി അനുഗ്രഹിച്ചു.

*“തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ.”*

(അഅ്റാഫ് 157)

ഇസ്ലാം മുന്നോട്ടു വെക്കുന്ന നല്ല സ്വഭാവ ഗുണങ്ങളും നന്മകളും എല്ലാ കാലത്തും ആളുകളെ ഇസ്ലാമിലേക്ക് ആകർഷിച്ചിട്ടുണ്ട്. അത് മുഖേന പല ബുദ്ധി ജീവികളും വ്യത്യസ്ത മതനേതാക്കന്മാരും ഇസ്ലാം പുൽകിയിട്ടുണ്ട്

30 വർഷം ക്രസ്ത്യൻ പുരോഹിതനായിരുന്നതിന് ശേഷം അല്ലാഹു ഇസ്ലാമിലേക്ക് ഹൃദയ വിശാലത നൽകുകയും, താൻ അന്വേഷിച്ചിരുന്ന സമാധാനവും സന്തോഷവും സൗഭാഗ്യ ജീവിതവും ഇസ്ലാമിൽ കണ്ടെത്തുകയും ചെയ്ത അബ്ദുറഹമാൻ അൽ ഇസ്ലാമി, അവരിൽ ഒരാൾ മാത്രമാണ്.

തന്റെ ഇസ്ലാം സ്വീകരണത്തിന് പ്രധാനപ്പെട്ട ഒരു കാരണക്കാരനായ ശൈഖ് അബ്ദുറസാഖ് അൽ ബദർ -ഹഫിളഹുല്ല- ക്ക്[1]

---

[1] മദീനയിലെ മുതിർന്ന പണ്ഡിതനും മുഹദ്ദിസുമായ ശൈഖ് അബ്ദുൽ മുഹ്സിൻ അൽ അബ്ബാദ് അൽ ബദർ - ഹഫിളഹുല്ലയുടെ മകനാണ് ശൈഖ് അബ്ദുറസാഖ് അൽ ബദർ. അറിവിന്റെയും ദഅ്വത്തിന്റെയും മേഖലയിൽ വളരെ സജീവമായ സേവനങ്ങൾ അനുഷ്ഠിക്കുന്ന അദ്ദേഹം നിലവിൽ മദീന ഇസ്ലാമിക്ക് യൂണിവേഴ്സിറ്റിയിലും, മസ്ജിദുന്നബവിയിലും അധ്യാപകനാണ്.

അദ്ദേഹം തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ എഴുതിയ കത്താണ് ഇവിടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്.

അറബിയിലേക്ക് വിവർത്തനം ചെയ്ത കോപ്പിയിൽ നിന്നാണ് മലയാള വിവർത്തനം നിർവഹിച്ചിരിക്കുന്നത്. ശൈഖ് അബ്ദുറസാഖ് -ഹഫിളഹുല്ല- യുടെ ശിഷ്യനായ അബ്ദുൽ അസീസ് അൽ ജസാഇരിയുടെ അടിക്കുറിപ്പുകളാണ് മലയാള വിവർത്തനത്തിലും അടിക്കുറിപ്പുകൾക്കും മറ്റും പ്രധാനമായും അവലംബിച്ചിട്ടുള്ളത്. ഇദ്ദേഹത്തിന്റെ ഈ വരികൾക്കിടയിൽ നിന്ന് ഒരുപാട് പാഠങ്ങൾ നമുക്ക് പഠിക്കാനും മനസ്സിലാക്കാനുമുണ്ട്. എല്ലാറ്റിനുമുപരി അല്ലാഹു നൽകിയ ഇസ്ലാമെന്ന അനുഗ്രഹത്തെ കുറിച്ച് നമ്മെ കൂടുതൽ ബോധവനാക്കാനും അതിന് നന്ദി കാണിക്കാനും നമുക്കിത് പ്രേരകമാകും...

إن شاء الله

الحمد لله ثم الحمد لله الذي هدانا للإسلام ما كنا لنهتدي لو لا أن هدانا الله.

يا ذا الجلال والإكرام كما هديتنا للإسلام أسألك ألا تنزعه عنا حتى تتوفانا على الإسلام..

# കത്തിന്റെ വിവർത്തനം

بسم الله الرحمن الرحيم

അബ്ദുൽ റഹ്മാൻ  അൽ ഇസ്ലാമി , ശൈഖ് അബ്ദുറസാഖ് ബ്നു അബ്ദുൽ മുഹ്സിൻ -ഹഫിളഹുല്ല- ക്ക് എഴുതുന്ന കത്ത്..

السلام عليكم ورحمة الله...

(അസ്സലാമു അലൈക്കും വറഹ്മത്തുല്ലാ...)

അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ഇഷ്ടപ്പെടുന്ന സയ്യിദ് ശൈഖ് അബ്ദുൽ റസാഖ് -ഹഫിളഹുല്ല- യോട് .... അല്ലാഹു നിങ്ങളിൽ ബറകത്ത് ചൊരിയട്ടെ..

എന്നെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തട്ടെ. എന്റെ പേര് "റോബർട്ട് തൻഹു മാൻകുലാൻജ്. ഞാൻ മുസ്ലിമായതിനു ശേഷം **അബ്ദുൽ റഹ്മാൻ അൽ ഇസ്ലാമി** എന്ന പേരു സ്വീകരിച്ചു. കാലിമന്താൻ പ്രദേശത്തെ ദായക്ക് എന്ന ഗോത്രക്കാരനാണു ഞാൻ. ഈ കത്തു കൊണ്ട് നിങ്ങളുടെ സമയത്തിനും നിങ്ങളുടെ  ജോലികൾക്കും പ്രയാസമുണ്ടാകുന്നതിന് ക്ഷമ ചോദിക്കുന്നു.

ഈ കത്തിൽ എന്റെ ജീവിതത്തിൽ സംഭവിച്ച കഥ ചുരുക്കി പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഇനിയുള്ള ആയുസിൽ എനിക്കുള്ള  ആഗ്രഹവും ഞാൻ നിങ്ങളോട് പറയും ...

2011 ഡിസംബർ 15 നാണ് ഞാൻ മുസ്ലിമാകുന്നത്. ഞാൻ ആചരിച്ചിരുന്ന  മതത്തെ കുറിച്ച് എന്റെ മനസ്സിൽ ചുറ്റി തിരിഞ്ഞിരുന്ന സംശയങ്ങളാണ് ഇസ്ലാമിനെ കുറിച്ച് പഠിച്ചു തുടങ്ങാനും ഇസ്ലാമിൽ പ്രവേശിക്കാനും കാരണമായത്. എനിക്ക് ആറു

സഹോദരന്മാരുണ്ട്. എല്ലാവരും വ്യതസ്ത മതക്കാരാണ്. അതിൽ ഹിന്ദു മതം സ്വീകരിച്ചവരും, കത്തോലിക്കൻ മതം സ്വീകരിച്ചവരും, പ്റൊറ്റിസ്റ്റന്റ് മതം സ്വീകരിച്ചവരുമുണ്ട്. പക്ഷേ ആരും തന്നെ ഇസ്ലാം മതം സ്വീകരിച്ചിട്ടല്ല. കാരണം ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരും ഇസ്ലാം മതം പ്രയാസത്തിടന്റെയും ഞെരുക്കത്തിടന്റെയും മതമാണെന്നായിരുന്നു ധരിച്ചിരുന്നത്.[2]

ഞാൻ കൃസ്തീയ പ്രബോധകനും സഭാധ്യക്ഷനുമായി മുപ്പതിലധികം വർഷമായി ജോലി ചെയ്യുകയായിരുന്നു. പിന്നീട് കാലീമണ്ടാനിലെ ഒരു പട്ടണമായ ക്ലുതായിൽ എല്ലാ ചർച്ചുകളുടെയും പ്രസിഡണ്ടായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ എനിക്ക് ഈ ഉന്നത പദവിക്കു

---

[2] ഇസ്ലാമിനെ കുറിച്ച് ഉന്നയിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഒരാരോപണം മാത്രമാണിത് .

**“മനുഷ്യൻ തനിക്കറിയാത്തതിന്റെ ശത്രുവായിരിക്കും"** എന്ന് പറയപ്പെടാറുള്ളതു പോലെ ഇസ്ലാമിനെ കുറിച്ച് ശരിയായ ധാരണപിശകാണ് ഈ തെറ്റിദ്ധാരണക്ക് കാരണം. യഥാർത്ഥത്തിൽ ഇസ്ലാം പ്രയാസവും കുടുസ്സതയുമല്ല എളുപ്പവും ആശ്വാസവുമാണ് ഉദ്ദേശിക്കുന്നത്.

അല്ലാഹു പറയുന്നു :

‘‘മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല.’’

ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന അബൂ ഹുറൈറ﵁ യുടെ ഹദീസിൽ നബി ﷺ പറഞ്ഞു :

إن الدين يسر

‘‘തീർച്ചയായും (ഇസ്ലാം) മതം എളുപ്പമാണ്.’’

സ്വഹാബിമാരായ മുആദ്, അബൂ മൂസാ അൽ അശ്അരി-റളിയല്ലാഹു അൻഹുമാ-യമനിലേക്കയച്ചപ്പോൾ അവരോട് നബി ﷺ പറഞ്ഞു :

يسرا ولا تعسرا بشرا ولا تنفرا تطاوعا ولا تختلفا

‘‘നിങ്ങൾ എളുപ്പമുണ്ടാക്കുക. പ്രയാസമുണ്ടാക്കരുത്. നിങ്ങൾ സന്തോഷിപ്പിക്കുക. വെറുപ്പിക്കരുത്. നിങ്ങൾ പരസ്പരം സഹകരിച്ച് വർത്തിക്കുക. പരസ്പരം ഭിന്നിക്കരുത്.’’

(ബുഖാരി , മുസ്ലിം)

പുറമെ ഒരുപാട് സമ്പത്തും ലഭിച്ചു. ബിഷപ്പുമാർ ആഗ്രഹിക്കുന്നതിൻെറ പരമാവധിയാണത്.

ആറു പ്രാവശ്യം ഞാൻ വിവാഹം കഴിച്ചു. എനിക്ക് മക്കളുണ്ടായില്ല. അതുകൊണ്ടു തന്നെ എൻ്റെ സമ്പത്തെല്ലാം ഞാൻ വിനോദത്തിലും കളിയിലുമായി ചിലവഴിച്ചു. ചൂതാട്ട ടേബിളുകളിൽ നശിപ്പിച്ചു.

പിന്നീടുള്ള ജീവിതത്തിൽ ഞാനാചരിക്കുന്ന പ്രൊട്ടസ്റ്റൻ്റ് മതം എനിക്ക് ആശ്വാസവും സമാധാനവും നൽകുന്നില്ല എന്നതിനാൽ ശക്തമായ ഉൽകണ്ഠയും അതിയായ മാനസിക പ്രയാസവും എനിക്ക് അനുഭവപ്പെട്ടു. ഇസ്ലാമിനെ കുറിച്ച് ഞാൻ അറിയുന്നതിന് മുമ്പ് എൻ്റെ കയ്യിലുള്ള ബൈബിളും പഴയ ബൈബിളും തമ്മിൽ ഞാനൊരു താരതമ്യപഠനവും ഗവേഷണവും നടത്തി. അപ്പോൾ അവക്കിടയിൽ ഞാൻ വൈരുദ്ധ്യങ്ങൾ കണ്ടു.[3]

---

[3] അല്ലാഹു ഇസാ നബി ﵇ ക്ക് അവതരിപ്പിച്ചത് ഒരേയൊരു ഇഞ്ചീലാണ് .

"സൻമാർഗനിർദേശവും, സത്യപ്രകാശവും അടങ്ങിയ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിൻ്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്ക് സദുപദേശവുമത്രെ അത്."

എന്നാൽ ഇന്ന് നിലവിലുള്ളവയിൽ പരസ്പരമുള്ള വൈരുദ്ധ്യങ്ങളും ഭിന്നതകളും, യഥാർത്ഥ ഇഞ്ചീലിൽ പലതും നഷ്ടപ്പെടുകയും, കൈക്കടത്തലുകൾക്കും മാറ്റത്തിരുത്തലുകൾക്കും അത് വിധേയമാകുകയും ചെയ്തിട്ടുണ്ട് എന്നതിൻ്റെ തെളിവാണ്.

എന്നാൽ പരിശുദ്ധ ഖുർആനിൻ്റെ എല്ലാ നിലക്കുമുള്ള പൂർണ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു.

അല്ലാഹു പറയുന്നു :

"തീർച്ചയായും നാമാണ് ഈ ഉദ്ബോധനം അവതരിപ്പിച്ചത് നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും." (ഹിജ്ർ 9)

**തൗറാത്തിലും ഇഞ്ചീലിലും തിരുത്തൽ വരുത്തിയ ശേഷം ഖുർആനിൽ തിരുത്തൽ വരുത്താൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ ഇസ്ലാം സ്വീകരിച്ച് ജൂതൻ്റെ കഥ :**

ബാക്കിയുള്ള കാലം ഞാൻ ജനിച്ച നാട്ടിൽ കഴിയാനുള്ള ആഗ്രഹം കൂടി പരിഗണിച്ചു കൊണ്ട് ഒരു മാസത്തിനു ശേഷം എന്റെ ഗ്രാമത്തിലേക്ക് ഞാൻ പാലായനം ചെയ്യാൻ തീരുമാനിച്ചു. അതിനു

---

ഇമാം ഖുർത്തുബി തന്റെ "തഫ്സീറിൽ" (6/10) പറയുന്നു :

“അന്നത്തെ ഭരണാധികാരിയായിരുന്ന മഅ്മൂനിന്റെ സദസ്സിൽ ഒരിക്കൽ മറ്റുള്ളവരുടെ കൂടെ ഒരു ജൂതനും പ്രവേശിച്ചു. പ്രസന്ന മുഖവും നല്ല വസ്ത്രവും സുഗന്ധവുമുള്ള അയാൾ വളരെ നല്ല രൂപത്തിൽ സംസാരിക്കുന്നതും മഅ്മൂനിന്റെ ശ്രദ്ധയിൽ പെട്ടു. സദസ്സ് പിരിഞ്ഞ ശേഷം മഅ്മൂൻ ആയാളെ വിളിച്ചിട്ടു ചോദിച്ചു: നീ ജൂതനാണോ?

അയാൾ പറഞ്ഞു : അതെ.

മഅ്മൂൻ പറഞ്ഞു : എങ്കിൽ നീ മുസ്ലിമാകുക. നിന്നെക്കൊണ്ട് എനിക്ക് ആവശ്യമുണ്ട്, അങ്ങനെ അദ്ദേഹത്തിന് പല വാഗ്ദാനങ്ങളും നൽകി.

പക്ഷേ " എനിക്ക് എന്റെയും എന്റെ പിതാക്കന്മാരുടെയും മതം മതി " എന്നു പറഞ്ഞുകൊണ്ട് അയാൾ തിരിഞ്ഞു പോയി.

പിന്നീട് ഒരു വർഷം കഴിഞ്ഞശേഷം അതേ വെക്തി മഅ്മൂനിന്റെ അടുക്കൽ വന്നു. അയാൾ മുസ്ലിമായിട്ടുണ്ടായിരുന്നു. മത വിഷയങ്ങളിൽ അയാൾ നന്നായി സംസാരിക്കുന്നുണ്ടായിരുന്നു. സദസ്സു പിരിഞ്ഞ ശേഷം മഅ്മൂൻ അദ്ദേഹത്തെ വിളിച്ചു ചോദിച്ചു : നീ അന്നു ഇവിടെ വന്നയാളല്ലേ ?

അയാൾ പറഞ്ഞു : അതെ.

എന്താണ് നിങ്ങൾ ഇസ്ലാം സ്വീകരിക്കാൻ കാരണമായത് ?

അയാൾ പറഞ്ഞു : ഇവിടുന്ന് അന്ന് പിരിഞ്ഞു പോയതിനു ശേഷം ഞാൻ ഈ മതങ്ങളെ ഒന്നു പരീക്ഷിച്ചറിയാൻ തീരുമാനിച്ചു. എനിക്ക് നന്നായി എഴുതാനുമുള്ള കഴിവുണ്ടായതു കൊണ്ട് ഞാൻ ആദ്യം "തൗറാത്ത്" എടുത്ത് അതിന്റെ മൂന്നു കോപ്പികളെഴുതിയുണ്ടാക്കി. അതിൽ പലതും ഞാൻ കൂട്ടുകയും ചിലത് ഞാൻ കുറക്കുകയും ചെയ്തു. പിന്നീടത് ഞാനതുമായി ചർച്ചിൽ ചെന്നു. അവർ എന്റെയടുക്കൽ നിന്നത് വാങ്ങി. പിന്നീട് ഇഞ്ചീലിലും ഞാനിതുപോലെ ചെയ്തു. അതുമായി ഞാൻ ചർച്ചിൽ ചെന്നു. അവരും എന്റെ അടുക്കൽ നിന്നത് വാങ്ങി. പിന്നീട് ഞാൻ ഖുർആനെടുത്തു. പലതും കൂട്ടിച്ചേർത്തും പലതും വെട്ടിക്കുറച്ചും മൂന്നു കോപ്പികൾ ഞാൻ തയ്യാറാക്കി. അതുമായി ഞാൻ കച്ചവടക്കാരുടെ അടുക്കൽ ചെന്നു. അവരത് മറിച്ചു നോക്കി. അതിൽ കൈക്കടത്തപ്പെട്ടിട്ടുണ്ട് എന്ന് മനസ്സിലായപ്പോൾ വാങ്ങിയില്ലാ എന്ന് മാത്രമല്ല. അവരത് എറിഞ്ഞു കളഞ്ഞു. അപ്പോളെനിക്ക് ബോധ്യപ്പെട്ടു ഇത് സംരക്ഷിക്കപ്പെട്ട ഗ്രന്ഥമാണെന്ന് .

അങ്ങനെയാണ് ഞാൻ ഇസ്ലാം സ്വീകരിച്ചത്.

വേണ്ടിയും സമാധാനവും സന്തോഷവും ലഭിക്കാൻ വേണ്ടിയും ഞാൻ എന്റെ ചർച്ചിലെ ജോലിയും ഉപേക്ഷിച്ചു.

ചുരുക്കത്തിൽ, ഞാനും എന്റെ ഒരു വിദ്യാർത്ഥിയും കൂടി അവിടെ നിന്നും പുറപ്പെട്ടു. അവനാണ് എന്നെ "പേസർ" എന്ന് പറയുന്ന വളരെ വിദൂരത്തുള്ള പിന്നോക്കം നിൽക്കുന്ന ആ പ്രദേശത്തേക്കെത്തിച്ചത്. ഇവിടുത്തെ തൊണ്ണൂറ് ശതമാനം ആളുകളും വിഗ്രഹാരാധനയെയും ആത്മീയതയെയും ദീനായി സ്വീകരിച്ചവരുമാണ്. പതിറ്റാണ്ടുകളായി നാട്ടു വിട്ടിട്ട്. ഒരു പ്രത്യേക തരം മാറ്റം ഇപ്പോൾ ഞാനവിടെ കാണുന്നുണ്ട്. ഇസ്ലാം മതം സ്വീകരിച്ച ഒരു വിഭാഗത്തെ അവിടെ ഞാൻ കണ്ടു. അവരുടെ കൂട്ടത്തിൽ എന്റെ മൂന്നാമത്തെ വിവാഹത്തിലെ ഭാര്യയുടെ പിതാവുമുണ്ട്. അദ്ദേഹവും ഇസ്ലാം സ്വീകരിച്ചിരിക്കുന്നു.

അതിരാവിലെ വ്യായാമം ചെയ്യുന്ന പതിവ് എനിക്കുണ്ട്. ആ പ്രദേശം മുഴുവനും ഞാൻ ചുറ്റിയടിക്കും. അങ്ങനെ ഞാൻ എന്റെ ഭാര്യയുടെ വീട് ലക്ഷ്യം വെച്ച് നടന്നു. എന്താണ് സംഭവിച്ചതെന്ന് എനിക്ക് അറിയണമായിരുന്നു. വീട്ടുകാരോടൊത്ത് ഞാൻ സംസാരിച്ചു. ചർച്ചകൾ നടത്തി. അവർ ചീത്തയാളുകളും മോശപ്പെട്ട സ്വഭാവമുള്ളവരുമായിരുന്നു. പക്ഷേ അവരാകെ അടിമുടി മാറിയിരിക്കുന്നു. നല്ല സ്വഭാവവും ഇസ്ലാമിൻറ ബാഹ്യ ഗുണങ്ങളും അവരിൽ പ്രകടമായിരുന്നു.[4]

ബഹുമാന്യനായ ശൈഖ് അബ്ദുൽ റസാഖ്,

ഞങ്ങളുടെ ഗ്രാമം പിന്നോക്കം നിൽക്കുന്ന ഗ്രാമവും ജനത്തിരക്കുകളിൽ നിന്നും ഒരുപാട് ദൂരെയുമാണ്. പതിറ്റാണ്ടുകളായി ഒരു പ്രബോധകൻ പോലും ഞങ്ങളുടെ പ്രദേശത്ത് വരികയും അവിടുത്ത്കാരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ചെയ്തിട്ടില്ല. അതുകൊണ്ട് അവരുടെ

---

[4] ഇബ്നു ബാസ് -റഹിമഹുല്ല-,പറയുന്നു :

"ഇസ്ലാമിന്റെ നന്മകൾ വിവരിച്ചു കൊടുക്കുകയാണെങ്കിൽ ആളുകൾ കൂട്ടം കൂട്ടമായി ഇസ്ലാം സ്വീകരിക്കും"

ഇസ്ലാം സ്വീകരണത്തെ കുറിച്ച് ആശ്ചര്യത്തോടു കൂടി ഞാനവരോട് ചോദിച്ചു .

അപ്പോൾ പട്ടണത്തിൽ നിന്നും അവിടേക്ക് വന്ന "ജാവ"[5] ക്കാരനായ യുവാവിനെ കുറിച്ച് അവർ എനിക്ക് പറഞ്ഞു തന്നു. അദ്ദേഹത്തിൻറെ കൂടെ ഹിജാമയുടെ ഉപകരണം ഉണ്ടായിരുന്നു. തന്റെ ദീനനുസരിച്ച് പ്രവർത്തിക്കുന്നയാളായിരുന്നു അയാൾ. അദ്ദേഹത്തിടâ മാന്യമായ സ്വഭാവവും നല്ല പെരുമാറ്റവും കാരണം അവർ അദ്ദേഹത്തിൽ നിന്നും പഠിക്കാൻ തുടങ്ങി. തുടക്കത്തിൽ രണ്ടു കുടുംബങ്ങൾ ഇസ്ലാമിൽ പ്രവേശിച്ചു. പിന്നീട് ഇപ്പോഴത് മുപ്പതു കുടുംബങ്ങളായി. (40 മുതിർന്നവരും 18 കുട്ടികളും) അവർ അദ്ദേഹത്തിൽ നിന്നും ഇസ്ലാം മതം പഠിക്കുന്നു.

ഞങ്ങളുടെ സംഭാഷണം കഴിഞ്ഞ ശേഷം അവരെനിക്ക് "അസ്ബാബു സആദ "(സൗഭാഗ്യത്തിൻറെ വഴികൾ) എന്ന അബ്ദുൽ റസാഖ് - ഹഫിളഹുല്ല- യുടെ ചെറിയൊരു പുസ്തകവും.

(ഹിജാമ നബി യുടെ സുന്നത്തും വൈദ്യത്തിലെ അത്ഭുതവും) എന്നൊരു പുസ്തകവും നൽകി .

വീട്ടിലേക്ക് മടങ്ങിയതിനു ശേഷം ആ ചെറിയ പുസ്തകത്തിന്റെ പേജുകളിലെ ആശയങ്ങൾ ഓരോന്നും ഞാൻ ചിന്തിച്ചു. പിന്നീട് എനിക്ക് അറിയില്ല. എന്റെ ചർമം വിറകൊള്ളാൻ തുടങ്ങി. ഞാനെന്നും അന്വഷിക്കാറുള്ള സൗഭാഗ്യത്തെകുറിച്ച് അതിലുള്ള വിവരണം കണ്ട് അത്ഭുതം പൂണ്ട് എന്റെ ഹൃദയത്തിൽ ഭയം തോന്നി തുടങ്ങി.[6]

---

[5] ഇന്തോനേഷ്യയിലെ ഒരു ദ്വീപാണ് ജാവ

[6] അല്ലാഹുവിന്റെ തൗഫീക്കിനു ശേഷം അദ്ദേഹം ഇസ്ലാം സ്വീകരിക്കാൻ പ്രധാനപ്പെട്ട ഒരു കാരണമായത് ശൈഖിന്റെ ഈ പുസ്തകമാണ്.

ഞാൻ ജനങ്ങളുടെ മുമ്പിൽ പതിറ്റാണ്ടുകളായി പ്രസംഗിക്കുന്നു. ഇപ്പോഴല്ലാതെ ഭംഗിയുള്ളൊരു സംസാരം ഞാൻ കണ്ടിട്ടില്ല. പുസ്തകത്തിലെ ചില വാചകങ്ങളുടെ അർത്ഥം എനിക്ക് മനസ്സിലായില്ലെങ്കിലും ഗ്രന്ഥകർത്താവിടâ ഉദ്ദേശവും ലക്ഷ്യവും എനിക്ക് മനസ്സിലായി. അടുത്ത ദിവസം ഞാൻ ആ യുവാവ് എന്നാണ് വരിക എന്ന് ചോദിച്ചറിയാൻ വേണ്ടി എന്റെ ചില കൂട്ടുകാരെ കാണാൻ പോയി. അദ്ദേഹത്തെ സ്വീകരിക്കാനും പുഴ വഴി അദ്ദേഹത്തെ കൊണ്ടു വരാനും അവർ നിശ്ചയിച്ച ദിവസമായിരുന്നു അത്. ധാരാളമായി മഴ പെയ്തത് കാരണത്താൽ കരയിലൂടെയുള്ള വഴി ചെളി നിറഞ്ഞിരുന്നു.

ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടുകയും എന്റെ ലക്ഷ്യവും ഇസ്ലാം സ്വീകരിക്കാനുള്ള ഉദ്ദേശവും ഞാൻ അദ്ദേഹത്തെ അറിയിച്ചു. ദൃഢ വിശ്വാസത്തോടു കൂടി എട്ടു പുരുഷന്മായുടെയും നാല് സ്ത്രീകളുടെയും മുമ്പിൽ വെച്ച് ഞാൻ ശഹാദത്ത് ഉച്ചരിച്ചു. എനിക്ക് ഉച്ചരിച്ച് പരിചയമില്ലാത്തതു കൊണ്ട് പ്രയാസമനുഭവപ്പെട്ടിരുന്നു. എട്ട് പുരുഷന്മാരുടെയും നാലു സ്ത്രീകളുടെയും മുന്നിൽ വെച്ച് ഞാൻ രണ്ട് സാക്ഷ്യവചനങ്ങളും ഉച്ചരിച്ചു. ശരിയായ രൂപത്തിൽ ഉച്ചരിക്കാൻ എനിക്ക് കഴിഞ്ഞില്ല. അതുകൊണ്ട്

لا اله الا الله محمد رسول الله

**ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്**

എന്ന വാചകം അദ്ദേഹം തന്നെ പറഞ്ഞുതന്ന് ഏറ്റു ചൊല്ലിപ്പിക്കുകയായിരുന്നു. പിന്നീട് ആ യുവാവ് എന്റെ കൈ മുറുകെ പിടിച്ച് എന്നെ ആലിംഗനം ചെയ്തു .

എന്റെ ഇരു കണ്ണുകളും നിറയുന്നുണ്ടായിരുന്നു. അദ്ദേഹമെന്നോട് പറഞ്ഞു :

**“തീർച്ചയായും നിങ്ങൾ ഇസ്ലാമിലെ എന്റെ സഹോദരനായി തീർന്നിരിക്കുന്നു. അതുകൊണ്ട് അല്ലാഹു നമുക്ക് നൽകിയ വാഗ്ദാനം**

**കൊണ്ട് താങ്കൾ സന്തോഷിച്ച് കൊള്ളുക. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നാളെ അവന്റെ സ്വർഗത്തിൽ നമുക്ക് കണ്ടുമുട്ടാം."[7]**

അതിനു ശേഷം ഞങ്ങൾ സംസാരിക്കുകയും, വിവരങ്ങളും അനുഭവങ്ങളും പരസ്പരം പങ്കുവെക്കുകയും ചെയ്തു. അപ്പോൾ ഞാൻ അദ്ദേഹത്തോട് ആ ചെറിയ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെ കുറിച്ചും എവിടെ വെച്ചാണ് എനിക്ക് അദ്ദേഹത്തെ കാണാൻ സാധിക്കുക എന്നും അന്വേഷിച്ചു. എന്റെ അടുക്കലുള്ള പുസ്തകം ഞാനദ്ദേഹത്തെ കാണിച്ചു. അപ്പോഴാണറിഞ്ഞത് ഈ യുവാവ് ഒരിക്കലും ശൈഖുമായി കണ്ടുമുട്ടുകയോ നേരിട്ടദ്ദേഹത്തെ കാണുകയോ ചെയ്തിട്ടില്ല. കാലിമന്താനിലേക്ക് പോകുന്നതിനു മുമ്പ് ശൈഖി ന്റെ പ്രസംഗങ്ങൾ റേഡിയോ മുഖേന കേട്ടിട്ടുണ്ട് എന്ന് മാത്രം. ശൈഖിന് ജക്കാർത്തയിലേക്ക് ദഅ്'വ യാത്രകൾ ഉണ്ടാവാറുണ്ടെങ്കിലും സാമ്പത്തികമായ കഴിവില്ലായ്മ കാരണം ആ വൈജ്ഞാനിക സദസ്സുകളിൽ സന്നിഹിദനാകാൻ യുവാവിന് സാധിച്ചിട്ടില്ല .

രണ്ടാഴ്ചചക്കു ശേഷം മറ്റൊരിക്കൽ ആ യുവാവ്,

طريقة موجزة في تعليم قراءة القرآن

(ഖുർആൻ പാരായണം പഠിക്കാനൊരു എളുപ്പ വഴി.)

എന്ന പുസ്തകവും ഒരു ബോർഡുമായി വന്നു.

---

[7] അല്ലാഹു പറയുന്നു :

"ആര് അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസ്സരിക്കുന്നുവോ അവനെ താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ് " (ഫത്ഹ് 17)

2012 ഫെബ്രുവരി മാസത്തിൽ ശൈഖ് അബ്ദുൽ റസാഖ് ജക്കാർത്തയിൽ വരുന്നുണ്ടെന്നദ്ദേഹം എന്നെ സന്തോഷ വാർത്ത അറിയിച്ചു. ഞാനദ്ദേഹത്തോട് പറഞ്ഞു : നിങ്ങൾ വരൂ.. നമുക്ക് ജക്കാർത്തയിലേക്ക് പോകാം. യാത്രാ ചിലവ് മുഴുവനും ഞാൻ വഹിക്കാം. നിങ്ങൾ നിങ്ങളുടെ കുടുംബത്തെയും കൂട്ടിക്കോളൂ.

പക്ഷേ ആ യുവാവ് അത് നിരസിക്കുകയും നിരസിക്കാനുള്ള കാരണം വ്യക്തമാക്കുകയും ചെയ്തു. **"അദ്ദേഹം ആളുകളെ അവരുടെ ദീൻ പഠിപ്പിക്കുന്നത് ഭൗതികമായ എന്തെങ്കിലും നേട്ടങ്ങൾക്ക് വേണ്ടിയോ സമ്പത്തിനു വേണ്ടിയോ അല്ല"** എന്നതായിരുന്നു അദ്ദേഹം പറഞ്ഞ കാരണം. പക്ഷേ യാത്ര ചിലവ് നൽകുന്ന കാര്യത്തിൽ ഞാൻ ഉറച്ചു നിന്നപ്പോൾ അവസാനം അദ്ദേഹം എന്നിൽ നിന്നത് സ്വീകരിച്ചു. 2012 ഫെബ്രുവരിയിൽ ഞങ്ങളുടെ യാത്രക്ക് അദ്ദേഹം ടിക്കറ്റു വാങ്ങി.

ഇവിടെ പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യം, ഈ പ്രബോധകനായ യുവാവ് രണ്ടു വർഷമായി അദ്ദേഹത്തിന്റെ വലിയ വലിയ പർവ്വതങ്ങൾ താണ്ടിയുള്ള ഈ ഗ്രാമക്കാരെ പഠിപ്പിക്കാൻ വേണ്ടി ഇവിടേക്കുള്ള ഈ പ്രബോധന യാത്രയിൽ, അൽപ്പം മൽസ്യങ്ങളും പഴങ്ങളുമല്ലാതെ മറ്റൊന്നും അവർ അദ്ദേഹത്തിന് പകരം നൽകിയിട്ടില്ല. എന്നാൽ ഞാനോ, എല്ലാ ആഴ്ചയും എന്റെ ആളുകൾ എനിക്ക് പണം നൽകുന്നു.

ആ നിമിഷം മുതൽ ഞാൻ ഇസ്ലാമിന്റെ നന്മകളെ കുറിച്ച് പഠിക്കാൻ കഠിന പരിശ്രമം തന്നെ നടത്തി. പൊതുവേ എന്റെ ഗോത്രത്തിൽ നിന്ന് ഒരു പ്രത്യേക മതം സ്വീകരിച്ചതിന്റെ പേരിൽ ഒരു തരത്തിലുള്ള ബലാൽകാരവുമുണ്ടായിരുന്നില്ല. ഏത് മതമായാലും ശരി ഗോത്രത്തിൽ നടന്നു വരുന്ന സമ്പ്രദായങ്ങൾക്കും പാരമ്പര്യ നിയമങ്ങൾക്കും പ്രയാസമുണ്ടാക്കരുതെന്ന നിബന്ധന മാത്രം. ഞങ്ങളുടെ

ഗോത്രത്തിലെ ഭൂരിഭാഗമാളുകളും വിഗ്രഹാരാധനയിലധിഷ്ഠിതമായ ഹൈന്ദവ മതത്തിലാണ് താനും.

അന്നേ ദിവസം രാവിലെ എനിക്ക് ശരീരത്തിൽ ശക്തമായ വേദന അനുഭവപ്പെട്ടു. എന്റെ ഹെർണിയ രോഗം കാരണമായിരുന്നു വേദന. എനിക്ക് എന്റെ കാൽ അനക്കാൻ പോലും കഴിഞ്ഞില്ല. അയൽവാസികളിലൊരാളുടെ സഹായത്തോടെ ഗ്രാമത്തിന്റെ പുറത്ത് ഏറ്റവും അടുത്തുള്ള ഡോക്ടറുടെ അടുത്ത് ചെന്നു. അവരുടെ അടുക്കലുള്ള ചില ചെറിയ മരുന്നുകൾ എനിക്ക് ലഭിച്ചു. ഗ്രാമത്തിന് അകത്തുള്ള ക്ലിനിക്കുകളിലൊന്നും സ്ഥിരമായി ഡോക്ടർമാരില്ലായിരുന്നു. നാടൻ വൈദ്യന്മാരോ പ്രസവം നടത്തി കൊടുക്കുന്ന നാടൻ നഴ്സുമാരോ ആണ് അവിടെയുണ്ടാകുക.

ഒരാഴ്ചക്ക് ശേഷം ആ പ്രബോധകനായ യുവാവ്, അദ്ദേഹത്തിന്റെ കൂടെ നമസ്കാരത്തിനായി സജ്ജീകരിച്ച സ്ഥലത്തിനടുത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുവാനും അവിടെ കുറച്ച് ദിവസം താമസിക്കാനും എന്നോട് ആവശ്യപ്പെട്ടു കൊണ്ട് എന്റെ അടുക്കൽ വന്നു. പക്ഷേ -قدر الله ماشاء فعل-[8] എനിക്ക് ആ സമയത്ത് (അസുഖം കാരണം) നടക്കാൻ പോയിട്ട് എഴുന്നേറ്റ് നിൽക്കാൻ പോലും കഴിഞ്ഞില്ല. അങ്ങനെ അദ്ദേഹം എന്റെ മേൽ കുറച്ച് പ്രാർത്ഥനകൾ ചൊല്ലുകയും വെള്ളവും തേനും കൊണ്ട് വരാൻ പറയുകയും ഞാനത് കുടിക്കുകയും ചെയ്തു. വൈകുന്നേരമായപ്പോൾ എന്റെ അവസ്ഥ ഒന്ന് നന്നായി. പ്രയാസപ്പെട്ടാണെങ്കിലും എനിക്ക് നടക്കാൻ സാധിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തിന്റെ ഖുർആൻ പഠനം ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്തതിന് ക്ഷമാപണം നടത്തി. അദ്ദേഹം അത് സ്വീകരിച്ചു.

---

[8] "അല്ലാഹു വിധിച്ചതാണിത്. അവൻഅവനുദ്ദേശിക്കുന്നത് ചെയ്യുന്നു." എന്നർത്ഥം. വിപത്തുകളും അനിഷ്ടകരമായ കാര്യങ്ങളും ഉണ്ടായാൽ പറയേണ്ടത്,

ഞാനദ്ദേഹത്തോടു പറഞ്ഞു : എനിക്ക് ചാകർട്ടയിലേക്ക് വരാനോ ശൈഖിനെ കാണാനോ കഴിയില്ല. അതുകൊണ്ട് എന്റെ സലാമും നന്ദിയും ശൈഖിനെ അറിയിക്കണം. ശൈഖിന്റെ പ്രസംഗം ഡിഷ് വഴി തൽസമയ സംരക്ഷണം വീക്ഷിക്കാൻ ഞാൻ വേറെയൊരു സ്ഥലത്തുള്ള എന്റെ കൂട്ടുകാരന്റെ വീട്ടിൽ പോകുമെന്നും ഞാനദ്ദേഹത്തെ അറിയിച്ചു.

അങ്ങനെ അദ്ദേഹം തന്റെ കുടുംബത്തോടൊപ്പം ജക്കാർത്തയിലേക്ക് പോയി. 2012 ഫെബ്രുവരി 19 ഞായറാഴ്ച ദിനം ഞാൻ വളരെ സന്തോഷിച്ചു. കാരണം അന്ന് ഞാൻ നിങ്ങളുടെ മുഖം കണ്ടു! നെറ്റ് കണക്ഷൻ വളരെ നേരിയ നിലയിലായതു കൊണ്ട് ടെലിവിഷനിൽ ചിത്രം വ്യക്തമല്ലായിരുന്നെങ്കിലും അതൊരു മഹത്തായ പ്രഭാഷണമായി ഞാൻ മനസ്സിലാക്കി .

إذا أردنا نيل محبة الله علينا تقديم امتثال اوامره على كل شيئ

**"അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ എല്ലാ കാര്യങ്ങളേക്കാളും അല്ലാഹുവിനോടുള്ള അനുസരണം മുന്തിപ്പിക്കണം"**

എന്നതായിരുന്നു പ്രസംഗത്തിന്റെ വിഷയം.

ഇനിയും കൂടുതൽ നിങ്ങളുടെ സംസാരം കേൾക്കാൻ ഞാൻ കൊതിച്ചു. പക്ഷേ ഞാൻ പറഞ്ഞതു പോലെ നെറ്റ് കണക്ഷൻ വളരെ നേരിയതായിരുന്നു. ശബ്ദവും വീഡിയോയും മുറിഞ്ഞു മുറിഞ്ഞായിരുന്നു. വ്യക്തമല്ലായിരുന്നു. അൽപ്പം പ്രയാസം സഹിച്ചാണെങ്കിലും ജക്കാർത്തയിൽ പോകാമായിരുന്നു എന്ന് അപ്പോഴെനിക്ക് തോന്നി.

ബഹുമാന്യനായ ശൈഖ്...

അന്ന് മുതൽ ഇസ്ലാമിന്റെ കാഴ്ചപ്പാടിലുള്ള ജീവിതത്തിന്റെ യഥാർത്ഥ രൂപം എനിക്ക് ബോധ്യപ്പെട്ടു. അതായത് ഭൗതിക ജീവിതം

നിശ്ചിത സമയത്തേക്കുള്ളതും നശിച്ച പോകുന്നതുമാണ്. എന്നാൽ പരലോക ജീവിതം എന്നന്നേക്കുമുള്ളതും അവശേഷിക്കുന്നതുമാണ്.[9]

പിന്നീട് ഇവിടെ എന്നെ ഏറെ വേദനിപ്പിച്ച, ദുഖത്തിനിടയാക്കിയ ഒരു സംഭവമുണ്ടായി. അതായത് ആ യുവാവിന്റെ പ്രബോധനത്തിനായുള്ള യാത്രക്കിടയിൽ ഗ്രാമത്തിലെ ചില ഉത്തരവാദിത്തപ്പെട്ടവർ അദ്ദേഹത്തെ പിടികൂടുകയും ചോദ്യം ചെയ്യുകയും, കുലങ്കശമായ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തു. -ഖേദകരമെന്നു പറയട്ടെ അവരും മുസ്ലിങ്ങളായിരുന്നു- പിഴച്ച വാദങ്ങൾ പഠിപ്പിക്കാനാണ് ഇയാൾ വരുന്നതെന്ന് അദ്ദേഹത്തിനെതിരെ അവർ ആരോപണമുന്നയിക്കുകയും, അതു കാരണത്താൽ അദ്ദേഹത്തെ പിടിച്ച വെക്കുകയും പഠിപ്പിക്കുന്നതിൽ നിന്നും പ്രബോധനത്തിൽ നിന്നും അദ്ദേഹത്തെ തടയുകയും ചെയ്തു. അങ്ങനെയിരിക്കെ മാരിസ് എന്നു പേരുള്ള ഞങ്ങളുടെ ഒരു സഹോദരൻ, അദ്ദേഹം ഗ്രാമത്തിലെ മുതിർന്ന അറിയപ്പെട്ട ഒരു വ്യക്തിയായിരുന്നു. അദ്ദേഹം വരികയും, ഈ യുവാവ് ഖുർആൻ പാരായണവും അതിന്റെ എഴുത്തും പഠിപ്പിക്കാൻ മാത്രം വരുന്നതാണെന്ന് അവർക്ക് പറഞ്ഞു മനസ്സിലാക്കി കൊടുത്തു .

ശേഷം രണ്ടു മാസം കഴിഞ്ഞു.... മൂന്നു മാസം കഴിഞ്ഞു.... ഒരു വർഷം കഴിഞ്ഞു....

ആ യുവാവ് ഗ്രാമത്തിലേക്ക് മടങ്ങി വന്നില്ല .

ബഹുമാന്യനായ, ശൈഖ് അബ്ദുൽ റസാഖ്....

---

[9] ഇബ്നുൽ ഖയ്യിം-റഹിമഹുല്ലാ-,പറഞ്ഞു :

''മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു മുതൽ യാത്രയിലാണ്. ആ യാത്ര അവസാനിക്കുന്നത് സ്വർഗത്തലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ ആണ്. യാത്ര പ്രയാസവും അപകടങ്ങളും നിറഞ്ഞതാണ്. ആശ്വാസവും സുഖ ജീവിതവും യാത്രയിൽ പ്രതീക്ഷിക്കുകയെന്നത് സാധാരണഗതിയിൽ സാധ്യമല്ല. അതെല്ലാം യാത്ര കഴിഞ്ഞശേഷമാണ്.'' (അൽ ഫവാഇദ്: 200)

ഈ കത്ത് നിങ്ങൾക്കെത്തുന്നതിലൂടെ നിങ്ങൾ പ്രബോധകനും അധ്യാപകനുമായി ഞങ്ങളുടെ ഗ്രാമത്തിൽ വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ നാളുകളിൽ ഞങ്ങൾ ക്രൈസ്തവ പ്രബോധകരായിരുന്നു. ദൂരദേശങ്ങളിലുള്ള ഒറ്റപ്പെട്ട ഗ്രാമങ്ങളിലേക്കു വരെ ഞങ്ങൾ പോകുമായിരുന്നു. പക്ഷേ **ലോകർക്ക് വേണ്ടിയുള്ള കാരുണ്യത്തിന്റെ മതമെന്ന് നിങ്ങൾ പറഞ്ഞ** ഇസ്ലാമിക സമൂഹം, അവർക്കാർക്കും ഒറ്റപ്പെട്ട ഗ്രാമങ്ങളിൽ ദീർഘമായൊരു കാലം പ്രബോധനത്തിനു വേണ്ടി നിലനിൽക്കുകയെന്നത് സാധിക്കുന്നില്ല.

ജീവിതത്തിൽ ബാക്കിയുള്ള നാളുകളിൽ എന്റെ ആഗ്രഹം നമുക്കൊരുമിച്ച് നാളെ സ്വർഗത്തിൽ കണ്ടുമുട്ടണമെന്നതാണ്. വളരെ ദീർഘ കാലമായുള്ള രോഗത്തിൽ നിന്നും ഞാൻ പ്രയാസമനുഭവിക്കുന്നുണ്ട്. ഈ കത്ത് എഴുതിയതിനു ശേഷം ഒരു പക്ഷേ അല്ലാഹു എന്റെ ആത്മാവിനെ പിടികൂടിയേക്കാം.[10]

ഒരിക്കൽ കൂടി നിങ്ങൾക്കും ഇസ്ലാമിനും നന്ദി പറഞ്ഞു കൊണ്ട്..

**അബ്ദുൽ റഹ്മാൻ അൽ ഇസ്ലാമി**

2014 ആഗസ്റ്റ് 15

മുആരാ അൻഡെ, പേസർ

---

[10] അദ്ദേഹം മരണപ്പെട്ടു-റഹിമഹുല്ലാ-, ശേഷം ശൈഖ് അബ്ദുറസാഖ്- ഹഫിളഹുല്ല -ഇയാളുടെ കഥ മറ്റൊരാളോട് പറഞ്ഞപ്പോൾ അയാൾ ഇദ്ദേഹത്തിന് പകരം ഹജ്ജ് കർമം നിർവഹിച്ചു ! അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ..